ട്ടില്ലാത്തതും ടി വിവരം ബഹു.കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

105 (2418) ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം പ്രദേശത്ത് അക്രമങ്ങൾക്കും മറ്റും അവസാനം ഉണ്ടാക്കാൻ ശ്രീകാര്യം ജംഗ്ഷന് സമീപം അനുവദിച്ച പോലീസ് സ്റ്റേഷൻ നാളിതുവരെയായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീകാര്യം ഭാഗത്ത് ഒരു പോലീസ് സ്റ്റേഷൻ ആരഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) ശ്രീകാര്യത്ത് നിയന്ത്രണാതീതമായ അക്രമസംഭവങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ശ്രീകാര്യത്ത് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നുമില്ല. എന്നാൽ സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന '79' സ്ഥലങ്ങളുടെ ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 'ശ്രീകാര്യം' 34-ാമതായി ചേർത്തിട്ടുണ്ട്. പോലീസ് ഡയറക്ടർ ജനറലിൽനിന്നും മുൻഗണനാ ക്രമത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

106 (2419) പി.പി. ഗോപാലകൃഷ്ണപിള്ള മരണമടഞ്ഞ സംഭവം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വികാസ്ഭവനിലെ ഓഫീസ്മുറിയിൽ വച്ച് 1999 ജൂലൈ മാസം 8-ാം തീയതി തീപൊള്ളലേറ്റ് മരണപ്പെട്ട സംസ്ഥാന ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ പി.പി. ഗോപാലകൃഷ്ണപിള്ളയുടെ മരണത്തിനുത്തരവാദികളായവരെ കണ്ടെത്തണമെന്ന ഭാര്യയുടെ പരാതിയിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ;

(ബി) അദ്ദേഹത്തിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ കുടുംബത്തിന് ഇതേവരെ നൽകിയിട്ടില്ല എന്ന പരാതി സർക്കാർ പരിശോധിക്കുമോ;

(സി) ഇതു സംബന്ധിക്കുന്ന ഹയലുകൾ കാലതാമസമുണ്ടാക്കുന്നതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പരാതിയിൽമേൽ മ്യൂസിയം സ്റ്റേഷനിൽ ക്രൈം 149/99 യു/എസ്/74 സി.ആർ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നത്തിവരുന്നു.

(ബി)(സി)&(ഡി) സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ 24.2.99-ന് ബന്ധപ്പെട്ട രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്.

107 (2420) പൂംതുരുത്തി നാസർ വധക്കേസ്

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പൂംതുരുത്തി നാസർ വധക്കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) അന്വേഷനം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേസ്സ് അന്വേഷണാവസ്ഥയിലാണ്.

(ബി)&(സി) തിരൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന ആവശ്യത്തെ തുടർന്ന് അതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

108 (2421) കണ്ണൂർ സായുധ സേനാവിഭാഗത്തിൽ കുടിവെള്ളക്ഷാമം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സായുധ സേനാവിഭാഗത്തിൽ കുടിവെള്ളക്ഷാമം ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ഡി) നടപടികൾ എടുത്തിട്ടില്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ സായുധസേനാവിഭാഗത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സ്ഥലം അക്വയർ ചെയ്ത്, കിണർ കുഴിച്ച്, പമ്പ്സെറ്റ് സ്ഥാപിച്ച് ക്യാമ്പിലേയ്ക്ക് കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly